**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1249** **18-01-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി മേഖലകളിലെ കുട്ടികളുടെ പഠനനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. അൻവർ സാദത്ത് | | Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പമന്ത്രി) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി മേഖലകളിൽ നിന്നുള്ള കുട്ടികളുടെ പഠനനിലവാരം വിലയിരുത്തിയിട്ടുണ്ടോ; | (എ) | കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസത്തെക്കുറിച്ച് എസ്.സി.ഇ.ആർ.ടി. അവസ്ഥാ പഠനം നടത്തിയിട്ടുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ മേഖലകളിൽ നിന്നുള്ള കുട്ടികളുടെ പഠനനിലവാരത്തെ സംബന്ധിച്ച് എസ്.സി.ഇ.ആർ.ടി. പ്രത്യേക പഠനം നടത്തിയിട്ടില്ല. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത കുട്ടികളുടെ പഠനപിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് എന്ത് ഇടപെടലാണ് നടത്തിയതെന്ന് അറിയിക്കാമോ; | (ബി) | ഗോത്രവർഗ്ഗ, തീരദേശ, തോട്ടം മേഖലകളിലെ കുട്ടികൾക്കുള്ള പ്രത്യേക പദ്ധതി 2018-19 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. 2019-20 വർഷം പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, പാലക്കാട്, വയനാട് ജില്ലകളിലെ ഗോത്ര മേഖലകളിൽ നിന്നുള്ള ഓരോ സ്കൂൾ വീതവും, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ തീരദേശ മേഖലയിൽ നിന്നുള്ള ഓരോ സ്കൂൾ വീതവും തെരഞ്ഞെടുത്ത് കുട്ടികൾക്ക് പഠന-പഠനേതര പ്രവർത്തനങ്ങളും പിന്തുണയും നൽകി വരുന്നു. |
| (സി) | ഇവർക്ക് ഈ വിദ്യാഭ്യാസവർഷം നൽകുവാനുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ എന്തെങ്കിലും കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഈ വിദ്യാഭ്യാസ വർഷം ഓൺലൈൻ വഴി നടന്നതാണെങ്കിൽകൂടി യഥാസമയം തന്നെ വിതരണം ചെയ്തു വരുന്നു. ഇതിന് കാലതാമസം ഉണ്ടായിട്ടില്ല. മത്സ്യതൊഴിലാളി മേഖലയിലെ കുട്ടികൾക്കുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ഡി) | ഓരോ കുട്ടിയുടെയും പഠനത്തിലുള്ള പ്രത്യേക ആവശ്യകതകൾ കണക്കിലെടുത്ത് അവർക്കായി | (ഡി) | കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ സംപ്രേഷണം ചെയ്യുന്ന പാഠഭാഗങ്ങൾ തത്സമയം വീക്ഷിക്കുന്നതിന് |

| | | | |
|---|---|---|---|
| | പ്രത്യേക പിന്തുണ നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; കൊറോണ ബാധയെത്തുടർന്ന് ആവിഷ്കരിച്ച ഓൺലൈൻ വിദ്യാഭ്യാസത്തിൽ ഇത്തരത്തിലുള്ള കുട്ടികൾക്ക് പ്രത്യേക പിന്തുണ നൽകുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ? | | അവസരം ലഭിക്കാത്ത കുട്ടികൾക്കുവേണ്ടി പുനഃസംപ്രേഷണവും കൈറ്റ് വിക്ടേഴ്സിന്റെ വെബിലും മൊബൈൽ ആപ്പിലും സോഷ്യൽ മീഡിയ പേജുകളിലും മറ്റും ലഭ്യമാക്കുന്നുണ്ട്. വീട്ടിൽ, ടി.വി., ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങൾ ഇല്ലാത്ത കുട്ടികൾക്ക് ക്ലാസ് കാണുന്നതിനായി അടുത്തു താമസിക്കുന്ന സഹപാഠിയുടെയോ അയൽ വീടുകളിലേയോ ഗ്രന്ഥശാലകൾ/അക്ഷയ കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടേയോ ടി.വി./ ഇന്റർനെറ്റ് സേവനങ്ങളോ വിദൂരതയിലുള്ള സ്ഥലങ്ങളിൽ എസ്.എസ്.കെ. കോ-ഓർഡിനേറ്റർമാർ, എസ്.പി.സി., എൻ.എസ്.എസ്. വോളന്റിയർമാർ, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ ലാപ്ടോപ്പും പ്രൊജക്ടറും (ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ പ്രകാരം സ്കൂളുകൾക്ക് ലഭ്യമായതുൾപ്പെടെ) ഉപയോഗിച്ചോ (അവിടെ ഇന്റർനെറ്റ് സൗകര്യം ഇല്ലെങ്കിലും നേരത്തെ ഡൗൺലോഡ് ചെയ്ത ഉള്ളടക്കം പ്രദർശിപ്പിക്കാം) തൊട്ടടുത്ത സ്കൂളുകളിൽ സൗകര്യം ഏർപ്പെടുത്തിയോ ആകാം. ക്ലാസുകൾ കാണുന്നതിന് ബദൽ സംവിധാനം ഒരുക്കുമ്പോൾ ഒരു ക്ലാസിലെ കുട്ടിയ്ക്ക് ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം കൊണ്ടു മാത്രം എല്ലാ ക്ലാസുകളും ഒരുമിച്ച് നൽകുന്നവിധത്തിൽ സ്കൂളുകളിൽ നിലവിലുള്ള ഐ.ടി. സംവിധാനങ്ങളും ഉപയോഗിക്കു ന്നതിന് ക്രമീകരണം ഒരുക്കിയിട്ടുണ്ട്. ഓരോ ക്ലാസിന്റേയും സംപ്രേഷണത്തിന് മുൻപും ശേഷവും അതത് ക്ലാസിലെ കുട്ടികളുമായി ആശയവിനിമയം നടത്തുന്നതിനും കുട്ടിയ്ക്ക് ക്ലാസ് കാണാനുള്ള പ്രേരണയും കണ്ട ക്ലാസിലെ സംശയ നിവാരണത്തിനുള്ള അവസരവും ക്ലാസ് ടീച്ചർ ഒരുക്കുന്നതിന് നിർദേശം നൽകി. സംപ്രേഷണം ചെയ്യുന്ന ക്ലാസുകൾ എപ്പോഴും സൗജന്യമായി ഉപയോഗിക്കുന്നതിന് വെബ്ബിൽ firstbell.kite.kerala.gov.in എന്ന പോർട്ടൽ വഴി ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികൾക്കുമാത്രമല്ല അധ്യാപകർക്കും രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കുമെല്ലാം ഇത് ഏത് സമയം വേണമെങ്കിലും ഉപയോഗിക്കാവുന്നതാണ്. അതിനാൽ വൈദ്യുതി തടസ്സം, കേബിൾ-ഇന്റർനെറ്റ് ലഭ്യമല്ലാതിരിക്കൽ തുടങ്ങിയ കാരണങ്ങളാൽ കുട്ടികൾക്ക് ക്ലാസ് ലഭിക്കാത്ത അവസ്ഥ ഒഴിവാക്കാനാകും. 2020 ജൂൺ 1 മുതൽ എല്ലാ കുട്ടികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന വിധത്തിലാണ് 'ഫസ്റ്റ്ബെൽ' ക്രമീകരിച്ചത്. |

| | | | |
|---|---|---|---|
| | | | ഏതെങ്കിലും കുട്ടികൾക്കോ പ്രദേശത്തോ ക്ലാസുകൾ കാണുന്നതിന് പ്രയാസം നേരിട്ടാൽ പ്രഥമാധ്യാപകർ പി.ടി.എ.യുടേയും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടേയും കുടുംബശ്രീ യൂണിറ്റുകളുടേയും സഹായം പ്രയോജനപ്പെടുത്തുന്നതിനും നിർദേശം നൽകിയിട്ടുണ്ട്. സംസ്ഥാന സിലബസ് പിൻതുടരുന്ന ഒരു കുട്ടിയ്ക്കുപോലും (വീട്ടിൽ ടി.വിയും സ്മാർട്ട് ഫോണും ഇന്റർനെറ്റും ഒന്നുമില്ലാത്ത) ക്ലാസുകൾ കാണാൻ ഇല്ലാതാകുന്ന സാഹചര്യം പൂർണമായും ഒഴിവാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഫസ്റ്റ്ബെൽ പദ്ധതിയുടെ കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ